# 4. സത്യസന്ധത

നാം സത്യസന്ധരാകണം. ആ കുട്ടി
നല്ലവനാണ് എന്ന് ആളുകൾ നിങ്ങളെ പറ്റി
പറഞ്ഞാൽ നിങ്ങൾ സന്തോഷിക്കില്ലേ?
അവൻ ചീത്തയാണെന്ന് ജനം പറഞ്ഞുനടന്നാലോ?
അതിന് അവസരം ഉണ്ടാക്കരുത്. നോക്കൂ, മുന്നിയുടെ സ്ഥിതി.

മുന്നി ഓർത്തിരിക്കുകയായിരുന്നു. നാളെ പെരുന്നാളാണല്ലോ. കൂട്ടുകാരൊക്കെ പുത്തുനുടുപ്പുകൾ വാങ്ങുന്ന ആവേശത്തിലാണ്. എല്ലാവർക്കും സന്തോഷം തന്നെ. അയൽവീട്ടിൽ പുത്തുനുടുപ്പുകൾ കൊണ്ടുവന്നതിന്റെ സന്തോഷത്തിൽ അവിടത്തെ കുട്ടികൾ തുള്ളിച്ചാടുന്നത് കണ്ടില്ലേ? എന്തുചെയ്യാൻ? അഛൻ ഉണ്ടായിരുന്നെങ്കിൽ ഈ ഗതി തനിക്കുണ്ടാകുമായിരുന്നില്ലല്ലോ. തനിക്ക് രണ്ട് ജോടി ഷർട്ടും ട്രൗസറുമാണുള്ളത്. അതാണെങ്കിൽ പൊട്ടിയതും. തന്റെ സങ്കടം അമ്മയോട് എങ്ങനെ പറയും? ഒരു നേരത്തെ കഞ്ഞി ഉണ്ടാക്കാൻ തന്നെ അമ്മ എത്ര കഷ്ടപ്പെടുന്നുണ്ട്. പിന്നെയും അമ്മയെ പ്രയാസപ്പെടുത്തുന്നത് ശരിയല്ലല്ലോ. മുന്നി ഒരിടത്തിരുന്ന് കണ്ണീർ വാർത്തു.



ആ കുട്ടിക്ക് അഛനോ സഹോദരങ്ങളോ ഉണ്ടായിരുന്നില്ല. വളരെ കഷ്ടപ്പെട്ടാണ് അവനും അമ്മയും ജീവിച്ചിരുന്നത്.

പഠിക്കുവാൻ വളരെ മിടുക്കനായിരുന്നു മുന്നി. അവന്റെ അമ്മ അക്കാര്യത്തിൽ ഏറെ ശ്രദ്ധിച്ചിരുന്നു. തന്റെ മകൻ പഠിച്ചു വലിയ ആളായി കാണാൻ അവർ ഏറെ കൊതിച്ചു.

“മുന്നി, പഠനത്തിൽ ശ്രദ്ധിക്കണം. ആരോടും വഴക്കിടരുത്. നാം ആരുമില്ലാത്തവരാണ്. സൂക്ഷിച്ചുജീവിക്കണം. കള്ളം പറയരുത്. ആരെയും പറ്റിക്കരുത്. നമുക്ക് ഇല്ല എന്നു കരുതി മറ്റുള്ളവരുടെ സാധനങ്ങൾക്ക് കൊതിക്കരുത്. ആരുടെയും സാധനങ്ങൾ ചോദിക്കാതെ എടുക്കുകയും അരുത്. കളഞ്ഞു കിട്ടിയ സാധനങ്ങൾ ഉപയോഗിക്കരുത്. അവന്റെ അമ്മ അവനെ നല്ലത് പഠിപ്പിച്ചു.

ഒരു ദിവസം അവൻ സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് പോവുകയായിരുന്നു. പെരുന്നാളിന് എങ്ങനെയാണ് പുത്തനുടുപ്പ് വാങ്ങുക എന്ന ചിന്തയിലായിരുന്നു അവൻ. പെട്ടെന്ന് വഴിയിൽ കുറച്ചു രൂപ കിടക്കുന്നത് അവൻ കണ്ടു. അവൻ ചുറ്റും നോക്കി. ആരുമില്ല. അവനത് കുനിഞ്ഞെടുക്കാൻ മുതിർന്നു. പക്ഷേ, അമ്മയുടെ വാക്കുകൾ പെട്ടെന്ന് അവന് ഓർമവന്നു. ഒരു നിമിഷം ചിന്തിച്ച ശേഷം അവനതെടുത്ത് ട്രൗസറിന്റെ പോക്കറ്റിലിട്ടു. അവന്റെ കൈകൾ വിറക്കുന്നുണ്ടായിരുന്നു.

അമ്മയോട് എനിക്ക് വസ്ത്രം വാങ്ങിത്തരാൻ പറഞ്ഞാലോ? അവധി തീർന്ന് കുട്ടികളൊക്കെ പുത്തൻ വസ്ത്രം ധരിച്ചായിരിക്കും സ്കൂളിലേക്ക് വരിക. ഞാൻ മാത്രം.....

അവൻ വീട്ടിലെത്തി സാധനങ്ങളെല്ലാം അമ്മയെ ഏല്പിച്ചു. എന്നിട്ട് അമ്മയോട് തിരക്കി: “അമ്മേ, ഞാനൊരു കാര്യം പറഞ്ഞാൽ ദേഷ്യപ്പെടുമോ?”

“എന്റെ മോനോട് ഞാനെന്തിന് ദേഷ്യപ്പെടണം? ആവട്ടെ, കാര്യം പറയ്.”

അവൻ കീശയിൽനിന്ന് രൂപയെടുത്ത് അമ്മയുടെ നേരെ നീട്ടിപ്പിടിച്ചു പറഞ്ഞു: “ഇതുകൊണ്ട് എനിക്ക് ഉടുപ്പ് വാങ്ങിത്തരുമോ?”

അവർ മകന്റെ കൈയിൽനിന്ന് രൂപ വാങ്ങി നിവർത്തി നോക്കി. അവരുടെ കണ്ണുകൾ പെട്ടെന്ന് നിറഞ്ഞു. രൂപ താഴെയിട്ട് മുന്നിയെ ചേർത്തുപിടിച്ച് അവർ കരയാനാരംഭിച്ചു.



“പുത്തനുടുപ്പില്ലാത്തതിനാൽ എന്റെ മോന് പ്രയാസമുണ്ടെ ന്ന് അമ്മക്കറിയാം. എന്നാലും തെറ്റ് ചെയ്യരുത് മോനെ. ആ രൂപ നഷ്ടപ്പെട്ടതിനാൽ അതിന്റെ ഉടമ വേദനിക്കുന്നുണ്ടാകും. അത

യാൾക്കല്ലേ അതറിയുകയുള്ളൂ. നമുക്കീ രൂപ വേണ്ട. ദൈവം നമുക്ക് ഒരുവഴി കാണിച്ചുതരും. എന്റെ പൊന്നുമോനത് കിട്ടിയ സ്ഥലത്ത് കൊണ്ടുപോയി ഇട്ടേക്ക്. അവിടെ പോയി കുറച്ചു നേരം കാത്തിനില്ക്ക്. അത് അന്വേഷിച്ച് ആരെങ്കിലും വരും. വഴിയിൽ അങ്ങുമിങ്ങും നോക്കിയായിരിക്കും അവർ വരിക. അവർക്കു തന്നെ അത് കൊടുത്തേക്ക്. മറ്റുള്ളവരുടെ ധനം നമുക്ക് വേണ്ട മോനെ."

മിന്നു രൂപയുമായി അത് കിട്ടിയ സ്ഥലത്തു ചെന്ന് കാത്തിരിപ്പായി. ഏറെ നേരം അവൻ ആ നില്പ് തുടർന്നു. ആരും അതുവഴി വന്നില്ല.

നേരം സന്ധ്യയായി. ഇനിയും കാത്തുനിന്നാൽ ഇരുട്ടാകും. പിന്നെ തിരിച്ചുപോകാൻ പേടിയാകും എന്നു കരുതി അവൻ പോകാൻ മുതിർന്നു. രൂപ അവിടെ ഉപേക്ഷിക്കാൻ മുതിരുമ്പോഴാണ് ഒരാൾ അതുവഴി വരുന്നത് അവൻ കണ്ടത്. അയാൾ ഇടക്കിടെ കീശ തപ്പുന്നത് അവൻ ശ്രദ്ധിച്ചു.

അവനെ കണ്ട് അയാൾ തിരക്കി: "എന്താ കുട്ടീ ഈ രാത്രിനേരത്ത് ഇവിടെ തനിച്ച്? വീട്ടിൽ പോകുന്നില്ലേ?"

"പോവാണ്. നിങ്ങൾ ആരാ? അവൻ തിരക്കി.



"എന്റെ കുട്ടീ, ഞാൻ ഇവിടെ അടുത്താ. ഇന്ന് അധ്വാനിച്ചു കിട്ടിയ രൂപ എവിടെയോ നഷ്ടപ്പെട്ടു. അത് തിരഞ്ഞു പോയതാ. അത് കിട്ടിയില്ലെങ്കിൽ മരുന്നു വാങ്ങലും പെരുന്നാൾ കഴിക്കലു മൊക്കെ മുടങ്ങും. എന്ത് ചെയ്യാനാ? പോയത് പോയി. അത്ര തന്നെ."

"എത്ര രൂപയുണ്ട്?"

"ഇരുന്നൂറ്. പറഞ്ഞിട്ടെന്ത് ഫലം?"

"ഇതാണോ? അവൻ രൂപ വെച്ചുനീട്ടി.

അയാളുടെ കണ്ണുകൾ വിടർന്നു. "നോക്കട്ടെ" എന്നു പറഞ്ഞു അയാളത് വാങ്ങി നോക്കി. "അതെ. ഇതു തന്നെ. എവിടെനിന്ന് കിട്ടി നിനക്കിത്?"

"ഇതാ, ഇവിടെനിന്ന്."

"ഓ. വലിയ ഉപകാരം. മോനെ, നീ നല്ലവനാണ്. നീ നന്നാകും, നീ ആരുടെ കുട്ടിയാ? അച്ഛന്റെ പേരെന്താ?"

"എനിക്ക് അമ്മ മാത്രമേ ഉള്ളൂ. അച്ഛനില്ല." അവന്റെ മുഖം പെട്ടെന്ന് വാടിയത് അയാൾ കണ്ടു.

"സാരമില്ല." അയാൾ വേഗം കുറച്ചു രൂപ അവന്റെ കൈയിൽ വെച്ചുകൊടുത്തിട്ട് പറഞ്ഞു: "ഇതാ, ഇത് നിനക്കുള്ളതാ. പെരുന്നാളിനുള്ള എന്റെ സമ്മാനം. ദൈവം നിന്നെ വലിയവനാക്കും." അത്രയും പറഞ്ഞ് അയാൾ നടന്നകന്നു.

*സത്യസന്ധത വലിയ ഗുണമാകുന്നു. അത് നമ്മെ വിജയത്തിലെത്തിക്കും.*